**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2870** **12-07-2022 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റിയുടെ സേവനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 2022 ആഗസ്റ്റ് 15-ഓടെ വാട്ടർ അതോറിറ്റിയുടെ സേവനങ്ങൾ ഡിജിറ്റലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | ഉണ്ട്. വാട്ടർ അതോറിറ്റി അതിന്റെ എല്ലാ സേവനങ്ങളും 2022 ഓഗസ്റ്റ് 15-നകം ഓൺലൈനായി നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. പുതിയ കുടിവെള്ള, സീവേജ് കണക്ഷനുകൾ എടുക്കൽ, വെള്ളത്തിന്റെ ഗുണനിലവാര പരിശോധനയ്ക്കുള്ള പേയ്മെന്റ് തുടങ്ങിയവ ഇതിനകം തന്നെ ഓൺലൈൻ മുഖേനയാണ് സ്വീകരിക്കുന്നത്. മാത്രമല്ല ഉപഭോക്താക്കൾക്ക് ഓഫീസുകളിൽ വന്ന് ക്യൂ നിൽക്കാതെ ഓൺലൈൻ മുഖേന വാട്ടർ ചാർജ് അടയ്ക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കേടായ മീറ്റർ മാറ്റി സ്ഥാപിക്കൽ, ഉടമസ്ഥാവകാശ മാറ്റം, കാറ്റഗറി കൺവേർഷൻ, കണക്ഷൻ മാറ്റം തുടങ്ങിയ കണക്ഷനുമായി ബന്ധപ്പെട്ട മറ്റ് സേവനങ്ങൾ ഓൺലൈനായി മാറ്റുന്നതിനുള്ള പ്രവർത്തനം നടക്കുന്നു. ആയത് പരീക്ഷണ ഘട്ടത്തിലാണ്. |
| (ബി) | ഉപഭോക്താവ് ആവശ്യപ്പെടുന്ന പക്ഷം മീറ്റർ റീഡിംഗ് നടത്തിയാലുടൻ ബിൽ നൽകുന്നതിന് മീറ്റർ റീഡർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) | നൽകിയിട്ടുണ്ട്. |
| (സി) | മീറ്റർ റീഡിംഗ് എസ്.എം.എസ്. മുഖേന ഉപഭോക്താക്കളെ അറിയിക്കുന്ന സംവിധാനത്തിനൊപ്പം സ്പോട്ട് ബിൽ കൂടി നൽകുവാൻ നടപടി സ്വീകരിക്കുമോ; | (സി) | മീറ്റർ റീഡിങ് SMS മുഖേന ഉപഭോക്താക്കളെ അറിയിക്കുന്ന സംവിധാനത്തോടൊപ്പം സ്പോട്ട് ബിൽ കൂടി എല്ലാ ഉപഭോക്താക്കൾക്കും നൽകുന്ന സംവിധാനം നിലവിലുണ്ട്. |
| (ഡി) | ഉപഭോക്താക്കൾ പലരും യഥാർത്ഥ ഉടമകൾ അല്ല എന്ന സങ്കീർണമായ പ്രശ്നം പരിഹരിക്കാൻ സ്പോട്ട് ബില്ലിംഗ് സിസ്റ്റം തിരുവനന്തപുരം നോർത്ത്, സൗത്ത് ഡിവിഷനുകളിൽ വീണ്ടും നടപ്പാക്കുമോ; | (ഡി) | സ്പോട്ട് ബില്ലിംഗ് സംവിധാനം നിലവിലുള്ളതിനാൽ യഥാർത്ഥ ഉടമക്ക് ബിൽ സംബന്ധിച്ച വിവരങ്ങൾ അറിയാൻ കഴിയും. |
| (ഇ) | മീറ്റർ റീഡിംഗ് യഥാസമയം നടക്കാത്തതുമൂലം ഉപഭോക്താക്കൾ വൻ തുക അടയ്ക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | എല്ലാ ഉപഭോക്താക്കൾക്കും കൃത്യമായി ബിൽ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിന് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും ചെയ്തിട്ടുണ്ട്. അഥവാ റീഡിങ് എടുക്കാത്തതുമൂലം എന്തെങ്കിലും ബിൽ |

| | | | |
|---|---|---|---|
| | | | സംബന്ധമായ പരാതിയുണ്ടായാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് പരിഹാരം കാണുന്നതിനുള്ള ക്രമീകരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ